**മധുരമായ കുട്ടികളേ - ബാബ നിങ്ങളെ പുതിയ ലോകത്തേക്കു വേണ്ടി രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് തീർച്ചയായും ഈ പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകണം.**

**ചോദ്യം -** മനുഷ്യരിൽ ഏതൊരു നല്ല സ്വഭാവമാണുള്ളത് പക്ഷേ അതിലൂടെയും പ്രാപ്തികളൊന്നും തന്നെ ലഭിക്കുന്നില്ല?
**ഉത്തരം -** മനുഷ്യരിൽ ഭഗവാനെ ഓർമ്മിക്കുന്ന ഒരു ശീലമുണ്ട്, എന്തെങ്കിലും പ്രശ്നം സംഭവിച്ചാൽ പറയും- അല്ലയോ ഭഗവാനേ! ശിവലിംഗത്തിന്റെ അടുത്ത് ചെല്ലുന്നു, പക്ഷേ യഥാർത്ഥ രീതിയിൽ തിരിച്ചറിവില്ലാത്തത് കാരണം പ്രാപ്തിയൊന്നും തന്നെ ലഭിക്കുന്നില്ല. പിന്നെ പറയുന്നു സുഖവും ദു:ഖവും ഭഗവാൻ തന്നെയാണ് നൽകുന്നതെന്ന്. നിങ്ങൾ കുട്ടികൾ ഇപ്പോൾ അങ്ങനെ പറയില്ല.

**ഓം ശാന്തി**. ബാബയെ രചയിതാവെന്നാണ് പറയുന്നത്, എന്തിന്റെ രചയിതാവ്? പുതിയ ലോകത്തിന്റെ രചയിതാവ്. പുതിയ ലോകത്തെ സ്വർഗ്ഗം അഥവാ സുഖധാമം എന്നാണ് പറയുന്നത്. ഈ പേര് എല്ലാവരും പറയുന്നുണ്ടെങ്കിലും ആരും മനസ്സിലാക്കുന്നില്ല. ശ്രീകൃഷ്ണന്റെ ക്ഷേത്രത്തെയും സുഖധാമം എന്നു പറയുന്നുണ്ട്. പക്ഷേ അത് ചെറിയൊരു ക്ഷേത്രമല്ലേ. കൃഷ്ണൻ വിശ്വത്തിന്റെ അധികാരിയായിരുന്നില്ലേ. പരിധിയില്ലാത്ത അധികാരിയെ പരിധിയുള്ള അധികാരിയാക്കി മാറ്റി. കൃഷ്ണന്റെ ചെറിയൊരു ക്ഷേത്രത്തെ തന്നെ സുഖധാമമെന്നു പറഞ്ഞു. കൃഷ്ണൻ വിശ്വത്തിന്റെ അധികാരിയായിരുന്നു എന്ന് ബുദ്ധിയിലേക്ക് വരുന്നില്ല. കൃഷ്ണൻ ഭാരതത്തിൽ തന്നെയാണ് വസിച്ചിരുന്നത്. നിങ്ങൾക്കും ആദ്യം ഒന്നും തന്നെ അറിഞ്ഞിരുന്നില്ല. ശിവബാബയ്ക്ക് സർവ്വതും അറിയാം, ബാബയ്ക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ചെല്ലാം അറിയാം. ഇതിനെക്കുറിച്ച് നിങ്ങൾ കുട്ടികൾക്കുമറിയാം. ബ്രഹ്മാ-വിഷ്ണു-ശങ്കരൻ ആരാണെന്നുള്ളതും ലോകത്തിലാർക്കും അറിയില്ല. ഉയർന്നതിലും ഉയർന്ന ഭഗവാനാണ് ശിവൻ. ശരി, പ്രജാപിതാവായ ബ്രഹ്മാവ് എവിടെ നിന്നും വന്നു? അവരും മനുഷ്യൻ തന്നെയല്ലേ. പ്രജാപിതാവായ ബ്രഹ്മാവ് ഇവിടെത്തന്നെ വേണമല്ലോ ബ്രാഹ്മണർക്ക് ജന്മം നൽകുന്നതിന് വേണ്ടി. പ്രജാപിതാവ് അർത്ഥം തന്നെ മുഖത്തിലൂടെ ദത്തെടുക്കുന്നവർ, നിങ്ങളാണ് മുഖവംശാവലികൾ. ഇപ്പോൾ നിങ്ങൾക്കറിയാം എങ്ങനെയാണ് ബ്രഹ്മാവിനെ ബാബ തന്റേതാക്കി മാറ്റി മുഖവംശാവലിയാക്കിയത്, ബ്രഹ്മാബാബയിൽ പ്രവേശിക്കുകയും ചെയ്തു പിന്നെ എന്റെ കുട്ടിയാണെന്നും പറഞ്ഞു. ബ്രഹ്മാവ് എന്ന പേര് എങ്ങനെ ലഭിച്ചു എന്നതും നിങ്ങൾക്കറിയാം, എങ്ങനെ ജന്മം ലഭിച്ചു, ഇതൊന്നും തന്നെ മറ്റാർക്കും അറിയില്ല. പരമപിതാവായ പരമാത്മാവ് ഉയർന്നതിലും ഉയർന്നതാണെന്ന് മാത്രം പറയുന്നുണ്ട്, പക്ഷേ ഏറ്റവും ഉയർന്ന അച്ഛനാണെന്ന് ആരുടെയും തന്നെ ബുദ്ധിയിലില്ല. നമ്മളെല്ലാ ആത്മാക്കളുടെയും പിതാവാണ് ശിവബാബ. ബാബയും ബിന്ദു സ്വരൂപനാണ്, ബാബയിൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ഈ ജ്ഞാനവും നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. ആദ്യം ലേശം പോലും ഈ ജ്ഞാനമുണ്ടായിരുന്നില്ല. മനുഷ്യർ കേവലം ബ്രഹ്മാ-വിഷ്ണു-ശങ്കരൻ എന്നു മാത്രം പറയുന്നു പക്ഷേ അവർ ആരാണെന്ന് അറിയില്ല. അപ്പോൾ അങ്ങനെയുള്ളവരുടെ അടുത്തേക്കു തന്നെ ബാബയ്ക്ക് വന്ന് മനസ്സിലാക്കി കൊടുക്കണം. ഇപ്പോൾ നിങ്ങൾ വിവേകശാലികളായി മാറിയിരിക്കുകയാണ്. ജ്ഞാനസാഗരനായ ബാബയാണ് നമുക്ക് ജ്ഞാനം നൽകുന്നത്, പഠിപ്പിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഈ രാജയോഗം തന്നെ സത്യയുഗീ പുതിയ ലോകത്തേക്ക് വേണ്ടിയുള്ളതാണ്. അപ്പോൾ തീർച്ചയായും പഴയ ലോകത്തിന്റെ വിനാശവും സംഭവിക്കണം. ഈ മഹാഭാരതയുദ്ധം തന്നെ അതിനുവേണ്ടിയുള്ളതാണ്. അരക്കല്പമായി നിങ്ങൾ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ പഠിച്ചു വന്നു. ഇപ്പോൾ ബാബയിൽ നിന്നും നേരിട്ട് കേൾക്കുന്നു. ബാബ ശാസ്ത്രങ്ങളൊന്നുമല്ല പഠിപ്പിക്കുന്നത്. ജപ-തപം ചെയ്യുക, ശാസ്ത്രങ്ങൾ പഠിക്കുക ഇതെല്ലാം തന്നെ ഭക്തിയാണ്. ഇപ്പോൾ ഭക്തർക്ക് ഭക്തിയുടെ ഫലം വേണം കാരണം അവർ ഭക്തിയിൽ പ്രയത്നിക്കുന്നതു തന്നെ ഭഗവാനുമായുള്ള മിലനത്തിനായാണ്. പക്ഷേ ജ്ഞാനത്തിലൂടെ മാത്രമേ സദ്ഗതി ലഭിക്കൂ. ജ്ഞാനവും ഭക്തിയും ഒരുമിച്ചു കൊണ്ടുപോകാൻ സാധിക്കില്ല. ഇപ്പോൾ ഭക്തിയുടെ രാജ്യമാണ്. ഇവിടെ എല്ലാവരും ഭക്തരാണ്. എല്ലാവരുടെയും വായിൽ നിന്നും അല്ലയോ ഗോഡ്ഫാദർ എന്ന് തീർച്ചയായും വരുന്നുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ തന്റെ പരിചയം നൽകി, ഞാനും ഒരു ചെറിയ ബിന്ദുവാണ്. എന്നെത്തന്നെയാണ് ജ്ഞാനസാഗരനെന്നു പറയുന്നത്. ബിന്ദുവായ എന്നിൽ മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുണ്ട്. ആത്മാവിലാണ് ജ്ഞാനമിരിക്കുക. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു ശിവബാബയെ പരമപിതാവായ പരമാത്മാവെന്നാണ് പറയുന്നത്. ബാബ പരമമായ ആത്മാവാണ് അതായത് ഏറ്റവും ഉയർന്നതിലും ഉയർന്നത്. പതിതപാവനനായ ബാബ തന്നെയാണ് ഏറ്റവും

ഉയർന്നതിലും ഉയർന്നത്. മനുഷ്യർക്ക് അല്ലയോ ഭഗവാനേ എന്നു പറയുമ്പോൾ ശിവലിംഗത്തെ തന്നെയാണ് ഓർമ്മ വരിക. അതും യഥാർത്ഥ രീതിയിലല്ല. ഭഗവാനെ ഓർമ്മിക്കുക ഒരു ശീലമായിത്തീർന്നിരിക്കുകയാണ്. ഭഗവാൻ തന്നെയാണ് സുഖവും ദു:ഖവും നൽകുന്നതെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഇങ്ങനെ പറയില്ല. ബാബ സുഖദാതാവാണെന്നുളളത് നിങ്ങൾക്കറിയാം. സത്യയുഗത്തിൽ സുഖധാമമായിരുന്നു. അവിടെ ദു:ഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. കലിയുഗത്തിൽ ദു:ഖം തന്നെയാണ് ഇവിടെ സുഖത്തിന്റെ പേരുമില്ല. ഉയർന്നതിലും ഉയർന്ന ഭഗവാൻ സർവ്വാത്മാക്കൾക്കും പിതാവാണ്. ആത്മാക്കൾക്ക് പിതാവുണ്ടെന്നുളളത് ആർക്കും തന്നെ അറിയില്ല. നാമെല്ലാവരും സഹോദരങ്ങളാണെന്നു പറയുന്നുമുണ്ട്. അപ്പോൾ തീർച്ചയായും നമ്മൾ ഒരച്ഛന്റെ കുട്ടികളല്ലേ. ചിലർ പറയുന്നു ഈശ്വരൻ സർവ്വവ്യാപിയാണെന്ന്- നിന്നിലും എന്നിലും ഉണ്ടെന്ന് പറയുന്നു. നിങ്ങൾ ആത്മാക്കളാണ്, ഇത് നിങ്ങളുടെ ശരീരവും, പിന്നെ നിങ്ങൾക്കെങ്ങനെ മൂന്നാമത് ഒന്നായിത്തീരാൻ സാധിക്കും. ആത്മാവിനെ ഒരിക്കലും പരമാത്മാവെന്നു പറയില്ല. ജീവാത്മാവെന്നാണ് പറയുക. ജീവ പരമാത്മാവ് എന്നു പറയില്ല. പിന്നീട് എങ്ങനെ പരമാത്മാവിന് സർവ്വവ്യാപിയായിത്തീരാൻ സാധിക്കും! ബാബ സർവ്വവ്യാപിയാണെങ്കിൽ പിന്നെ എല്ലാവരും പിതാക്കന്മാരായിത്തീരുന്നു. അച്ഛന് മറ്റൊരു അച്ഛനിൽ നിന്നും എങ്ങനെ സമ്പത്ത് ലഭിക്കും. അച്ഛനിൽ നിന്നും കുട്ടിയല്ലേ സമ്പത്ത് നേടുക. എല്ലാവർക്കും എങ്ങനെ അച്ഛനായിത്തീരാൻ സാധിക്കും. ഇത്രയും ചെറിയ കാര്യത്തെപ്പോലും ആരും തന്നെ മനസ്സിലാക്കുന്നില്ല. അപ്പോഴാണ് ബാബ പറയുന്നത്- കുട്ടികളേ, ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കു മുമ്പ് ഞാൻ നിങ്ങളെ എത്ര വിവേകശാലികളാക്കി മാറ്റിയിരുന്നു. നിങ്ങൾ സദാ ആരോഗ്യശാലിയും, സദാ സമ്പന്നനും, വിവേകശാലികളുമായിരുന്നു. നിങ്ങളെക്കാളും കൂടുതൽ വിവേകശാലികളായി മറ്റാരും തന്നെയില്ല. നിങ്ങൾക്കിപ്പോൾ ലഭിച്ച വിവേകം അവിടെയുണ്ടാകില്ല. നമ്മൾ വീണ്ടും അധ:പതിക്കുമെന്ന ജ്ഞാനം സത്യയുഗത്തിലുണ്ടാവില്ല. ഇതറിയുകയാണെങ്കിൽ സുഖത്തിന്റെ അനുഭൂതി അവിടെയുണ്ടാകില്ല. ഈ ജ്ഞാനം പിന്നീട് നഷ്ടപ്പെടുന്നു. ഈ ഡ്രാമയുടെ ജ്ഞാനം ഇപ്പോൾ കേവലം നിങ്ങളുടെ ബുദ്ധിയിലാണുളളത്. ബ്രാഹ്മണർ തന്നെയാണ് അധികാരികൾ. ഇപ്പോൾ നമ്മൾ ബ്രാഹ്മണ വർണ്ണത്തിലാണെന്നുളളത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ബ്രാഹ്മണർക്കാണ് ബാബ ജ്ഞാനം കേൾപ്പിച്ചു തരുന്നത്. ബ്രാഹ്മണർ പിന്നീട് എല്ലാവർക്കും കേൾപ്പിച്ചു കൊടുക്കുന്നു. ഭഗവാൻ വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തിരുന്നു, രാജയോഗം പഠിപ്പിച്ചിരുന്നു എന്ന മഹിമയുണ്ട്. ശ്രീകൃഷ്ണന്റെ മഹിമയുണ്ട് കൃഷ്ണൻ വൈകുണ്ഡത്തിലെ അധികാരിയാണെന്ന് മനസ്സിലാക്കുന്നു. പക്ഷേ കൃഷ്ണൻ വിശ്വത്തിലെ തന്നെ അധികാരിയായിരുന്നു എന്നുളളത് ബുദ്ധിയിലേക്ക് വരുന്നില്ല. കൃഷ്ണന്റെ രാജ്യമായിരുന്നപ്പോൾ മറ്റൊരു ധർമ്മവുമുണ്ടായിരുന്നില്ല. യമുനാ നദീതീരത്ത്, വിശ്വത്തിൽ മുഴുവനും നമ്മുടെ രാജ്യമായിരുന്നു. ഇതെല്ലാം നിങ്ങൾക്ക് ആരാണ് മനസ്സിലാക്കിത്തരുന്നത്? ഭഗവാനുവാച. ബാക്കിയുളളതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലുളള വേദശാസ്ത്രങ്ങളാണ്. ഇവിടെ സ്വയം ഭഗവാനാണ് നിങ്ങൾക്ക് കേൾപ്പിച്ചു തരുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ശാന്തിധാമത്തിൽ വസിച്ചിരുന്നവരാണ്, 21 ജന്മത്തേക്കുളള പ്രാപ്തി അനുഭവിക്കും എന്നെല്ലാം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലാണുളളത്.

നിങ്ങൾ കുട്ടികൾക്ക് സന്തോഷത്താൽ ഗദ്ഗദം കൊളളണം, പരിധിയില്ലാത്ത അച്ഛനായ ശിവബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. ബാബ ജ്ഞാനസാഗരനാണ്, ബാബയ്ക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിയാം. ഇങ്ങനെയൊരു അച്ഛനാണ് നമുക്ക് വേണ്ടി വന്നിരിക്കുന്നത്, അപ്പോൾ സന്തോഷത്താൽ ഗദ്ഗദം കൊളളണം. ബാബയോട് പറയുന്നു, ബാബാ, ഞങ്ങൾ അങ്ങയെ തന്റെ അവകാശിയാക്കി മാറ്റിയിരിക്കുന്നു. അച്ഛൻ മക്കൾക്കായി സമർപ്പണമാകുന്നു. കുട്ടികൾ പിന്നീട് പറയുന്നു, എപ്പോൾ ഭഗവാൻ വരുന്നുവോ, അപ്പോൾ ഞങ്ങൾ അങ്ങയുടെ മുന്നിൽ സമർപ്പണമാകും അതായത് കുട്ടിയാകും. ഇവിടെയും തന്റെ കുട്ടികളെ തന്നെയാണ് അവകാശികളാക്കിമാറ്റുക. ബാബയെ എങ്ങനെ തന്റെ അവകാശിയാക്കി മാറ്റും. ഇതെല്ലാം തന്നെ ഗുഹ്യമായ കാര്യങ്ങളാണ്. തന്റേതായ സർവ്വതും ബാബയ്ക്ക് കൈമാറുക. ഇതിൽ ബുദ്ധിയുടെ കാര്യമാണ്. സാധാരണക്കാർ പെട്ടെന്നു തന്നെ എല്ലാം ബാബയ്ക്ക് സമർപ്പിക്കും, ധനവാന്മാർ ബുദ്ധിമുട്ടിയാണ് നൽകുന്നത്, അതും പൂർണ്ണമായ രീതിയിൽ ജ്ഞാനം എടുത്താൽ മാത്രം. പക്ഷേ അത്ര ധൈര്യം ആർക്കുമില്ല. സാധാരണക്കാർ പെട്ടെന്നു തന്നെ പറയുന്നു- ബാബാ, ഞങ്ങൾ അങ്ങയെത്തന്നെ അവകാശിയാക്കി മാറ്റും. ഞങ്ങളുടെ പക്കൽ എന്താണുളളത്! ബാബയെ തന്റെ അവകാശിയാക്കി മാറ്റി, തന്റെ ശരീരനിർവ്വഹണാർത്ഥവും ചെയ്യണം. കേവലം ട്രസ്റ്റിയായിരിക്കണം. ബാബ ധാരാളം യുക്തികൾ പറഞ്ഞു തരുന്നുണ്ട്. ബാബ കേവലം നോക്കും, കുട്ടികൾ പാപകർമ്മങ്ങൾ ചെയ്ത് പൈസ ദുരുപയോഗപ്പെടുത്തുന്നില്ലല്ലോ. മനുഷ്യരെ പുണ്യാത്മാവാക്കി മാറ്റുന്ന സേവനത്തിൽ പൈസ ഉപയോഗിക്കുന്നുണ്ടോ? നിയമമനുസരിച്ച് സേവനങ്ങൾ ചെയ്യുന്നുണ്ടോ? ഇതെല്ലാം പൂർണ്ണമായും പരിശോധിച്ച് പിന്നീട് നിർദ്ദേശങ്ങൾ നൽകുന്നു. ബ്രഹ്മാബാബയും തന്റെ

ജോലിചെയ്യുന്ന സമയത്ത് ഈശ്വരാർത്ഥം നൽകുമായിരുന്നു. അത് ഇടനിലക്കാരിലൂടെയായിരുന്നു. ഇപ്പോൾ ബാബ നേരിട്ട് വന്നിരിക്കുകയാണ്. മനുഷ്യർ മനസ്സിലാക്കുന്നു ഞങ്ങൾ എന്തെല്ലാമാണോ ചെയ്യുന്നത്, അതിന്റെ ഫലം ഈശ്വരൻ അടുത്ത ജന്മത്തിലാണ് നൽകുന്നത്. ആരെങ്കിലും ദരിദ്രനും ദു:ഖിയുമാണെങ്കിൽ മനസ്സിലാക്കും അവർ ആ രീതിയിലുള്ള കർമ്മങ്ങൾ ചെയ്തതുകൊണ്ടാണ്. നല്ല കർമ്മമാണ് ചെയ്തതെങ്കിൽ സുഖിയായിരിക്കുന്നു. ബാബ നിങ്ങൾ കുട്ടികൾക്ക് കർമ്മത്തിന്റെ ഗതി മനസ്സിലാക്കിത്തരുന്നു. രാവണരാജ്യത്തിൽ നിങ്ങളുടെ എല്ലാ കർമ്മവും വികർമ്മങ്ങളായിരുന്നു. സത്യ–ത്രേതായുഗത്തിൽ രാവണനില്ലാത്തതു കാരണം അവിടെ വികർമ്മമുണ്ടാകുന്നില്ല. ഇവിടെ ആരാണോ നല്ല കർമ്മങ്ങൾ ചെയ്യുന്നത് അവർക്ക് അല്പകാലത്തേക്കുള്ള സുഖം ലഭിക്കുന്നു. എന്നാലും എന്തെങ്കിലുമായി രോഗപീഢനങ്ങൾ അനുഭവിക്കേണ്ടതായി വരുന്നു, കാരണം അല്പകാലത്തെ സുഖമാണ്. ഇപ്പോൾ ബാബയ്ക്കറിയാം ഈ രാവണരാജ്യം തന്നെ നശിക്കാൻ പോകുന്നതാണ്. ശിവബാബ രാമരാജ്യത്തിന്റെ സ്ഥാപനയാണ് ചെയ്തു കൊണ്ടിരിക്കുന്നത്.

ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നതിനെക്കുറിച്ച് നിങ്ങൾക്കറിയാം. സ്വർഗ്ഗമായിരുന്ന ഭാരതം തന്നെയാണ് വീണ്ടും ദരിദ്രമായിത്തീരുന്നത്. ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കു മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നപ്പോൾ ലക്ഷ്മി–നാരായണന്റെ രാജധാനിയായിരുന്നു. ആദ്യത്തെ സിംഹാസനം അവരുടേതായിരുന്നു. രാജകുമാരനായിരുന്ന ശ്രീകൃഷ്ണന്റെ സ്വയംവരത്തിനു ശേഷമാണ് മഹാരാജാവായിത്തീരുന്നത്. അപ്പോഴാണ് നാരായണൻ എന്ന പേര് ലഭിക്കുന്നത്. ഇതെല്ലാം നിങ്ങൾ ഇപ്പോൾ കേൾക്കുമ്പോൾ നിങ്ങൾക്ക് അത്ഭുതം തോന്നുന്നു. ബാബാ, അങ്ങ് മുഴുവൻ രചനയുടെയും രചയിതാവിന്റെയും ജ്ഞാനമാണ് കേൾപ്പിക്കുന്നത്. അങ്ങ് ഞങ്ങളെ എത്ര ഉയർന്നരീതിയിലാണ് പഠിപ്പിക്കുന്നത്. ബാബയിൽ ബലിയർപ്പണമായിത്തീരണം, നമുക്ക് ഒരേയൊരു ബാബയെക്കൂടാതെ മറ്റാരെയും തന്നെ ഓർമ്മിക്കേണ്ട. അന്തിമം വരെയും പഠിക്കണമെങ്കിൽ തീർച്ചയായും ടീച്ചറെ ഓർമ്മിക്കണം. സ്കൂളിൽ ടീച്ചറെ ഓർമ്മിക്കില്ലേ. മറ്റേ സ്കൂളുകളിലാണെങ്കിൽ എത്ര ടീച്ചർമാരാണുണ്ടാവുക. ഓരോ ക്ലാസ്സിലും വേറെ വേറെ ടീച്ചറായിരിക്കും. ഇവിടെയാണെങ്കിൽ എല്ലാവർക്കുമായി ഒരു ടീച്ചറാണ്. എത്ര സ്നേഹിയാണ്. അച്ഛനും സ്നേഹിയാണ്, ടീച്ചറും സ്നേഹിയാണ്........ മുമ്പ് ഭക്തിമാർഗ്ഗത്തിൽ അന്ധവിശ്വാസത്തോടെ ധാരാളം ഓർമ്മിച്ചു വന്നു. ഇപ്പോൾ നേരിട്ട് ഭഗവാനാണ് പഠിപ്പിക്കുന്നത് അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം. എന്നാലും കുട്ടികൾ പറയുന്നു, ബാബാ ഞങ്ങൾ മറന്നു പോകുന്നു എന്ന്. ഞങ്ങളുടെ ബുദ്ധിയിൽ എന്തുകൊണ്ട് അങ്ങയുടെ ഓർമ്മ വരുന്നില്ല എന്ന് അറിയുന്നില്ല. ഈശ്വരന്റെ ഗതിയും മതവും വേറിട്ടതാണെന്ന് പറയുന്നുണ്ട്. ബാബാ അങ്ങയുടെ ഗതി–സദ്ഗതിയുടെ ജ്ഞാനം വളരെയധികം അത്ഭുതമാണ്. ഈ രീതിയിൽ വേണം ബാബയെ ഓർമ്മിക്കാനായി. ഒരു പത്നി തന്റെ പതിയുടെ ഗുണഗാനം പാടുന്നില്ലേ. അവർ വളരെ നല്ലതാണ്, അവർക്ക് ഇന്ന സമ്പത്തുണ്ട്, പറയുമ്പോൾ തന്നെ ഉള്ളിൽ സന്തോഷിക്കുന്നു. ബാബ പതിമാരുടെയും പതിയാണ്, പിതാക്കന്മാരുടെയും പിതാവാണ്, ബാബയിൽ നിന്നും നമുക്ക് എത്ര അളവറ്റ സുഖമാണ് ലഭിക്കുന്നത്. മറ്റെല്ലാവരും നമുക്ക് ദു:ഖവും നൽകുന്നുണ്ട്. ടീച്ചറിലൂടെ സുഖം ലഭിക്കുന്നു കാരണം പഠിപ്പിലൂടെ സമ്പാദ്യമുണ്ടാകുന്നുണ്ടല്ലോ. വാനപ്രസ്ഥത്തിലാണ് ഗുരുക്കന്മാരെ സമീപിക്കുക. ബാബയും പറയുന്നു ഞാനും ഇവരുടെ ശരീരത്തിന്റെ വാനപ്രസ്ഥ അവസ്ഥയിലാണ് പ്രവേശിക്കുന്നത്. ശിവബാബയും ബ്രഹ്മാബാബയും വാനപ്രസ്ഥികളാണ്. ഇവിടെ അച്ഛനും ടീച്ചറും ഗുരുവും മൂന്നും ഒരുമിച്ചാണ്. അച്ഛൻ ടീച്ചറായി പഠിപ്പിക്കുന്നുമുണ്ട്, പിന്നീട് ഗുരുവായി കൂടെ കൊണ്ടുപോകുന്നുമുണ്ട്. ആ ഒരേയൊരു ബാബയ്ക്കാണ് മഹിമയുള്ളത്. ഈ കാര്യങ്ങൾ മറ്റൊരു ശാസ്ത്രങ്ങളിലുമില്ല. ബാബ ഓരോ കാര്യങ്ങളും വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്. ഇതിനെക്കാളും ഉയർന്ന ജ്ഞാനം മറ്റൊന്നില്ല, മറ്റൊന്നും തന്നെ അറിയേണ്ടതായ ആവശ്യവുമില്ല. ഈ ജ്ഞാനം നേടിയ ശേഷം നിങ്ങൾ വിശ്വത്തിന്റെ തന്നെ അധികാരിയായിത്തീരുന്നു, പിന്നെന്താണ് വേണ്ടത്? കുട്ടികളുടെ ബുദ്ധിയിൽ ഇതെല്ലാമുണ്ടെങ്കിൽ മാത്രമേ സന്തോഷത്തിൽ ബാബയുടെ ഓർമ്മയിൽ മാത്രം ഇരിക്കാൻ സാധിക്കൂ. പുണ്യാത്മാവായിത്തീരണമെങ്കിൽ ബാബയുടെ ഓർമ്മയിൽ തീർച്ചയായും ഇരിക്കണം. നിങ്ങളുടെ യോഗത്തെ മുറിക്കുക എന്നത് മായയുടെ ധർമ്മമാണ്. യോഗത്തിൽ തന്നെയാണ് മായ വിഘ്നങ്ങൾ സൃഷ്ടിക്കുക. ബാബയെ മറപ്പിക്കുന്നു. മായയുടെ കൊടുങ്കാറ്റ് ധാരാളം വരുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഏറ്റവും മുന്നിൽ ബ്രഹ്മാവാണ്, അതുകൊണ്ട് ബാബയ്ക്ക് എല്ലാത്തിന്റെയും അനുഭവമുണ്ട്. ഇവർ പറയുന്നു എന്റടുത്തേക്കും എല്ലാം വന്നാലല്ലേ മായയുടെ കൊടുങ്കാറ്റുകൾ ഈ രീതിയിലെല്ലാം വരുമെന്നുള്ളത് എനിക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കൂ. ബ്രഹ്മാബാബയുടെ അടുത്തേക്കും മായ വരുന്നുണ്ട്, നിങ്ങളുടെ പക്കലേക്കും വരുന്നു. ഒട്ടും തന്നെ മായയുടെ കൊടുങ്കാറ്റ് വരാതെ യോഗത്തിൽ തന്നെ ഇരിക്കുകയാണെങ്കിൽ പെട്ടെന്ന് കർമ്മാതീത അവസ്ഥ പ്രാപിക്കുമല്ലോ. പിന്നെ നമുക്ക് ഇവിടെ ഇരിക്കാൻ സാധിക്കില്ല. കർമ്മാതീത അവസ്ഥ നേടിക്കഴിഞ്ഞാൽ എല്ലാവരും മുകളിലേക്ക് പോകുന്നു. ശിവന്റെ വിവാഹഘോഷയാത്രയെക്കുറിച്ച് മഹിമയുണ്ടല്ലോ. ശിവ

ബാബ എപ്പോൾ വരുന്നുവോ അപ്പോഴാണ് നമ്മൾ എല്ലാ ആത്മാക്കളും പോകുന്നത്. ശിവബാബ വരുന്നതു തന്നെ എല്ലാവരെയും കൊണ്ടുപോകാനാണ്. സത്യയുഗത്തിൽ ഇത്രയും ആത്മാക്കളുണ്ടാകില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ശിവബാബയെ തന്റെ അവകാശിയാക്കി മാറ്റി സർവ്വതും എക്സ്ചേഞ്ച് ചെയ്യണം. അവകാശിയാക്കി മാറ്റി അവനവന്റെ ശരീരനിർവ്വഹണാർത്ഥവും ചെയ്യണം, ട്രസ്റ്റിയായി സംരക്ഷിക്കുകയും വേണം. പൈസ യാതൊരു പാപകർമ്മത്തിനും വേണ്ടി ഉപയോഗിക്കരുത്.

2. സ്വയം ജ്ഞാനസാഗരനായ ബാബയാണ് നമ്മെ പഠിപ്പിക്കുന്നത് എന്ന സന്തോഷത്തിന്റെ ലഹരിയുടെ ഗദ്ഗദം ഉള്ളിലുണ്ടായിരിക്കണം. പുണ്യാത്മാവായിത്തീരുന്നതിനുവേണ്ടി ഓർമ്മയിലിരിക്കണം. മായയുടെ കൊടുങ്കാറ്റുകളിൽ ഭയപ്പെടരുത്.

## വരദാനം:- സത്യതയുടെ ആധാരത്തിൽ ഒരു ബാബയെ പ്രത്യക്ഷപ്പെടുത്തുന്ന നിർഭയ അധികാരി സ്വരൂപരായി ഭവിക്കട്ടെ.

സത്യത തന്നെയാണ് പ്രത്യക്ഷതയുടെ ആധാരം. ബാബയെ പ്രത്യക്ഷപ്പെടുത്തുന്നതിന് വേണ്ടി നിർഭയരും അധികാരിസ്വരൂപരുമായി സംസാരിക്കൂ, സങ്കോചത്തോടെയല്ല. എപ്പോൾ അനേകാഭി പ്രായക്കാർ ഒരു കാര്യം മാത്രം മാനിക്കുന്നുവോ അതായത് നമ്മൾ എല്ലാവരുടെയും അച്ഛൻ ഒന്നാണ്, ആ അച്ഛൻ തന്നെയാണ് ഇപ്പോൾ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്, നമ്മൾ എല്ലാവരും ആ ഒന്നിന്റെ സന്താനങ്ങൾ ഒന്നാണ്, മാത്രമല്ല ആ ഒന്ന് തന്നെയാണ് യാഥാർത്ഥ്യം ...അപ്പോൾ വിജയപ്പതാക പാറിക്കൊണ്ടിരിക്കും. ഈ സങ്കൽപത്തിലൂടെ തന്നെ മുക്തിധാമത്തിലേക്ക് പോകും പിന്നീട് എപ്പോൾ അവരവരുടെ പാർട്ട് വരുന്നുവോ അപ്പോൾ ആദ്യം ഈ സംസ്കാരം തന്നെ ഉടലെടുക്കും അതായത് ഈശ്വരൻ ഒന്നാണ്. ഇത് തന്നെയാണ് സ്വർണ്ണിമയുഗത്തിന്റെ സ്മൃതി.

## സ്ലോഗൻ:- സഹിക്കുക തന്നെയാണ് സ്വയത്തിന്റെ ശക്തിസ്വരൂപത്തെ പ്രത്യക്ഷപ്പെടുത്തുക.

**അവ്യക്ത സൂചനകൾ: ആത്മീയ സ്ഥിതിയിൽ ഇരിക്കാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
എപ്രകാരമാണോ ഈ ദേഹം സ്പഷ്ടമായി കാണപ്പെടുന്നത് അതേപോലെ തന്റെ ആത്മാവിന്റെ സ്വരൂപത്തെ സ്പഷ്ടമായി കാണപ്പെടണം, അതായത് അനുഭവത്തിൽ വരണം. മസ്തകത്തിൽ അതായത് ബുദ്ധിയുടെ സ്മൃതിയിലൂടെയും ദൃഷ്ടിയിലൂടെയും ആത്മീയ സ്വരൂപമല്ലാതെ മറ്റൊന്നും തന്നെ കാണപ്പെടരുത്, സ്മൃതിയിലും വരരുത്. അപ്രകാരം നിരന്തര തപസ്വിയാകൂ അപ്പോൾ ഓരോ ആത്മാക്കളെയും പ്രതി മംഗളത്തിന്റെ ശുഭ സങ്കൽപം ഉൽപ്പന്നമാകും. അഥവാ ആരെങ്കിലും തങ്ങളുടെ സ്വഭാവ- സംസ്കാരങ്ങൾക്ക് വശപ്പെട്ട് താങ്കളുടെ പരുഷാർത്ഥത്തിൽ പരീക്ഷക്ക് നിമിത്തമാകുന്നുവെങ്കിൽ അവരെ പ്രതിയും സദാ മംഗളത്തിന്റെ സങ്കൽപം ഉൽപന്നമാകണം.